# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3972 — 19.03.2018 -ൽ മറുപടിക്ക്

## സംസ്ഥാനത്ത് റവന്യൂ ഡിവിഷനുകൾ, താലൂക്കുകൾ, വില്ലേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, എൽദോ എബ്രഹാം : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് റവന്യൂ ഡിവിഷനുകൾ, താലൂക്കുകൾ, വില്ലേജുകൾ എന്നിവ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) പുതുതായി 5 റവന്യൂ ഡിവിഷനുകളും 2 താലൂക്കുകളും ഒരു വില്ലേജും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) എവിടെയൊക്കെയാണ് റവന്യൂ ഡിവിഷനുകൾ, താലൂക്കുകൾ, വില്ലേജുകൾ എന്നിവ രൂപീകരിച്ചതെന്നും, അവയുടെ പ്രവർത്തനം തുടങ്ങിയോയെന്നും വ്യക്തമാക്കുമോ; | (ബി) **റവന്യൂ ഡിവിഷനുകൾ**<br>1. തിരുവനന്തപുരം - നെടുമങ്ങാട്<br>2. തൃശ്ശൂർ - ഇരിങ്ങാലക്കുട<br>3. കോഴിക്കോട് - വടകര<br>4. കണ്ണൂർ - തളിപ്പറമ്പ്<br>5. കാസറഗോഡ് - കാസറഗോഡ്<br><br>**താലൂക്കുകൾ**<br>1. തൃശ്ശൂർ - കുന്നംകുളം<br>2. കണ്ണൂർ - പയ്യന്നൂർ<br><br>പയ്യന്നൂർ താലൂക്കിന്റെ ഉദ്ഘാടനം 10-03-2018-ന് നടന്നു. കുന്നംകുളം താലൂക്കിന്റെയും 5 പുതിയ റവന്യൂ ഡിവിഷനുകളുടെയും പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതാണ്.<br><br>**വില്ലേജ്**<br>തിരുവനന്തപുരം - ഇളമ്പ |
| (സി) ഇതിനായി അനുവദിച്ചിട്ടുള്ള തസ്തികകൾ പര്യാപ്തമാണോ; വ്യക്തമാക്കുമോ; അല്ലെങ്കിൽ കൂടുതൽ തസ്തികകൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (സി) ഒരു റവന്യൂ ഡിവിഷണൽ ഓഫീസിൽ 24 തസ്തികകൾ വീതം 5 റവന്യൂ ഡിവിഷണൽ ഓഫീസുകൾക്ക് 120 തസ്തികകളും ഒരു താലൂക്ക് ഓഫീസിന് 55 തസ്തികകൾ വീതം രണ്ട് താലൂക്കുകൾക്ക് 110 തസ്തികകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ പുതുതായി |

രൂപീകൃതമായ താലൂക്കുകളിലേയ്ക്ക് ഓരോ യു.ഡി ടൈപ്പിസ്റ്റും എൽ.ഡി ടൈപ്പിസ്റ്റും തസ്തികകൾ അതത് ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പുതുതായി റവന്യൂ ഡിവിഷനുകൾ, താലൂക്കുകൾ, വില്ലേജുകൾ എന്നിവ അനുവദിക്കുന്നതിന് നീക്കമുണ്ടോയെന്ന് അറിയിക്കുമോ?

(ഡി) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്ത് 6 റവന്യൂ ഡിവിഷനുകൾ രൂപീകരിക്കുമെന്നു പ്രഖ്യാപിച്ചിരുന്നു. അതിൽ 5 എണ്ണം രൂപീകരിച്ചിട്ടുണ്ട്. കൊല്ലത്ത് ഒരെണ്ണം ഉടൻ തന്നെ രൂപീകരിക്കാൻ കഴിയും.

വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഗ്രൂപ്പ് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തൃശ്ശൂർ ജില്ലയിലെ കുന്നംകുളവും, കണ്ണൂർ ജില്ലയിലെ പയ്യന്നൂരും ആസ്ഥാനമാക്കി പുതിയ താലൂക്കുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മറ്റ് സ്ഥലങ്ങളിൽ പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചു വരികയാണ്. പ്രസ്തുത വിഷയത്തിൽ തീരുമാനമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**